**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2570** **07-07-2022 - ൽ മറുപടിയ്ക്ക്**

**പുതിയ ജല വൈദ്യുത പദ്ധതികൾ ആരംഭിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി,<br>ശ്രീ കെ ബി ഗണേഷ് കുമാർ,<br>ശ്രീ. കെ.പി.മോഹനൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വർദ്ധിച്ചു വരുന്ന ഊർജ്ജാവശ്യം പരിഗണിച്ച് കൂടുതൽ ജലവൈദ്യുത പദ്ധതികൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് വർദ്ധിച്ചു വരുന്ന ഊർജ്ജാവശ്യം പരിഗണിച്ച്.<br><br>i) കെ.എസ്.ഇ.ബി.എൽ-ന്റെ കീഴിൽ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്ന 201.5 MW സ്ഥാപിതശേഷിയുള്ള '8' ജലവൈദ്യുത പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്. പദ്ധതി വിവരം അനുബന്ധം (1) ആയി ചേർക്കുന്നു.<br><br>ii) ഒലീക്കൽ ചെറുകിട ജലവൈദ്യുത പദ്ധതി (5MW) പൂവാരൻതോട് ചെറുകിട ജലവൈദ്യുത പദ്ധതി (3 MW) എന്നീ പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള വർക്കോർ ഡർ നൽകിയിട്ടുണ്ട്.<br><br>iii) മാരിപ്പുഴ ചെറുകിട ജലവൈദ്യുതി പദ്ധതി (6 MW) കരാറുകാരനെ തീരുമാനിച്ചിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കൽ പൂർത്തീകരിക്കുന്ന മുറയ്ക്ക് വർക്കോർഡർ നൽകി നിർമ്മാണ പ്രവർത്ത നങ്ങൾ ആരംഭിക്കും.<br><br>iv) അപ്പർ ചെങ്കുളം ചെറുകിട ജലവൈദ്യുത പദ്ധതിയുടെ (24MW) നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള ടെൻഡർ ക്ഷണിച്ചിട്ടുണ്ട്.<br><br>v) ഇടുക്കി സുവർണ്ണ ജൂബിലി പദ്ധതി (800 MW) – യുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ ആവശ്യമായ അനുമതികൾ വിവിധ വകുപ്പുകളിൽ നിന്നും ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇപ്പോൾ പദ്ധതിയ്ക്കു വേണ്ടിയുള്ള കേന്ദ്രപാരിസ്ഥിതി മന്ത്രാലയത്തിന്റെ ഒന്നാം ഘട്ട അനുമതി ലഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | vi) ശബരിഗിരി എക്സ്റ്റൻഷൻ പദ്ധതിയുടെ (200 MW) സാധ്യത പഠനം നടത്തുവാൻ വാപ്കോസ് എന്ന ഏജൻസിയ്ക്ക് കരാർ നൽകിയിട്ടുണ്ട്.<br><br>vii) 54.5 MW സ്ഥാപിത ശേഷിയുള്ള ‘9’ ജലവൈദ്യുത പദ്ധതികളുടെ സ്ഥലം ഏറ്റെടുക്കലും അനുബന്ധ പ്രവർത്തനങ്ങളും നടന്നു വരുന്നു. വിവരങ്ങൾ അനുബന്ധം (ii) ആയി ചേർക്കുന്നു.<br><br>viii) ‘17’ ജലവൈദ്യുത പദ്ധതികളുടെ പരിവേഷണ സാധ്യതാ പഠനങ്ങൾ പുരോഗമിക്കുന്നു. വിവരങ്ങൾ അനുബന്ധം (iii) ആയി ചേർക്കുന്നു.<br><br>സംസ്ഥാനത്ത് ഊർജ്ജോല്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പാരമ്പര്യേതര ഊർജ്ജസ്രോതസ്സായ ചെറുകിട ജലവൈദ്യുത പദ്ധതികൾ വികസിപ്പിക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിലേക്കായി പുതിയ ജലവൈദ്യുത പദ്ധതികൾക്ക് ഇംപ്ലിമെന്റേഷൻ കരാറുകൾ വയ്ക്കുകയും, ഹൈഡ്രോ കൈനറ്റിക് സാങ്കേതിക വിദ്യ പരീക്ഷിക്കാനും നടപടി എടുത്തിട്ടുണ്ട്. കൂടാതെ സ്വകാര്യ സംരംഭക പ്രാതിനിധ്യം പ്രോത്സാഹിപ്പിച്ച് ചെറുകിട ജലവൈദ്യുത പദ്ധതികൾക്കുള്ള പ്രീ ക്വാളിഫിക്കേഷൻ ടെണ്ടർ 2022 മേയ് 25-ന് പ്രസിദ്ധീകരിച്ചു. |
| (ബി) | അനുയോജ്യമായ സ്ഥലങ്ങളിൽ സുരക്ഷിതമായി വൈദ്യുത പദ്ധതികൾ ആരംഭിക്കുന്നതിന് പ്രത്യേക പഠനം നടത്തുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (ബി) | അനുയോജ്യമായ സ്ഥലങ്ങളിൽ സുരക്ഷിതമായ വൈദ്യുത പദ്ധതികൾ ആരംഭിക്കുന്നതിന് പ്രത്യേക പഠനങ്ങൾ നടത്തിവരുന്നു. ‘17’ ജലവൈദ്യുത പദ്ധതികളുടെ പരിവേഷണ സാധ്യതാ പഠനങ്ങൾ പുരോഗമിക്കുന്നു.<br><br>അനുയോജ്യമായ സ്ഥലങ്ങളിൽ ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി എനർജി മാനേജ്മെന്റ് സെന്റർ ഡീറ്റെയിൽഡ് പ്രൊജക്ട് റിപ്പോർട്ട് (DPR) തയ്യാറാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. അതിന്റെ ആദ്യ ഘട്ടം എന്ന നിലയിൽ പാലക്കാട് ജില്ലയിലെ 3 MW സ്ഥാപിത ശേഷി പ്രതീക്ഷിക്കുന്ന ലോവർ വട്ടപ്പാറ ചെറുകിട ജലവൈദ്യുത പദ്ധതിയുടെ DPR തയ്യാറാക്കൽ പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്. DPRന് സാങ്കേതിക-ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് പദ്ധതി നടത്തിപ്പുമായി ഇ.എം.സി മുന്നോട്ട് പോകുന്നതാണ്. |

സെക്ഷൻ ഓഫീസർ

നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്ന പദ്ധതികൾ

| X | പദ്ധതി | MW | Mu |
|---|---|---|---|
| 1 | പള്ളിവാസൽ വിപുലീകരണ പദ്ധതി | 60 | 153.9 |
| 2 | ചിന്നാർ | 24 | 76.45 |
| 3 | ഭൂതത്താൻകെട്ട് | 24 | 83.5 |
| 4 | തൊട്ടിയാർ | 40 | 99 |
| 5 | ചെങ്കുളം ഓഗ്മെന്റേഷ ൻ | | 85 |
| 6 | പെരുവണ്ണാമുഴി | 6 | 24.7 |
| 7 | പഴശ്ശിസാഗർ | 7.5 | 25.16 |
| 8 | മാങ്കുളം ജല വൈദ്യുത പദ്ധതി | 40 | 82.08 |

ആകെ 201 .5 MW ,629.79Mu

സ്ഥലം ഏറ്റെടുക്കലും അനുബന്ധ പ്രവർത്തനങ്ങളും നടന്നു വരുന്ന പദ്ധതികൾ

| | പദ്ധതി | MW | Mu | ജില്ല | നദി |
|---|---|---|---|---|---|
| 1 | പീച്ചാട് SHEP | 3 | 7.74 | ഇടുക്കി | മുതിരപ്പുഴ |
| 2 | വെസ്റ്റേൺ കല്ലാർ | 5 | 17.41 | ഇടുക്കി | കല്ലാർ |
| 3 | ലാഡ്രം SHEP | 3.5 | 12.13 | ഇടുക്കി | പെരിയാർ |
| 4 | മാർമ്മല SHEP | 7 | 23.02 | കോട്ടയം | മീനച്ചലാർ |
| 5 | കീരിത്തോട് | 12 | 27.65 | ഇടുക്കി | പെരിയാർ |
| 6 | ചെമ്പുകടവ് III SHEP | 7.5 | 16.65 | കോഴിക്കോട് | ചാലിപ്പുഴ |
| 7 | ചാത്തൻകോട്ടുനട I SHEP | 5 | 12.06 | കോഴിക്കോട് | കുറ്റ്യാടി പുഴ |
| 8 | പശുക്കടവ് SHEP | 4 | 10.34 | കോഴിക്കോട് | കുറ്റ്യാടി പുഴ |
| 9 | വളാംതോട് SHEP | 7.5 | 15.29 | മലപ്പുറം | ചാലിയാർ |
| | | **54.5** | **142.29** | | |

പരിവേഷണ സാധ്യത പഠനങ്ങൾ പുരോഗമിക്കുന്ന പദ്ധതികൾ

| | | | | | |
|---|---|---|---|---|---|
| 1 | പള്ളിവാസൽ ഓഗ്മെന്റേഷൻ സ്കീം സ്റ്റേജ് I ( ഗ്രഹാംസ് ലാൻഡ് ) | 4 | 10.9 | ഇടുക്കി | മുതിരപ്പുഴ |
| 2 | പള്ളിവാസൽ ഓഗ്മെന്റേഷൻ സ്കീം സ്റ്റേജ് II(രാജമല ഡൈവേർഷൻ) | - | 240 | ഇടുക്കി | മുതിരപ്പുഴ |
| 3 | ഇടമലയാർ കപ്പാസിറ്റി അഡിഷൻ | 75 | 70 | എറണാകുളം | ഇടമലയാർ |
| 4 | ലക്ഷ്മി | 240 | 293 | ഇടുക്കി | മുതിരപ്പുഴ |
| 5 | മറയൂർ | 40 | 84.79 | ഇടുക്കി | പാമ്പാർ |
| 6 | പാംബ്ല | 10 | 22.7 | ഇടുക്കി | പഴയരിത്തോട് |
| 7 | തോട്ടിയാർ കപ്പാസിറ്റി അഡിഷൻ | 30 | 131 | ഇടുക്കി | പെരിയാർ |
| 8 | മാങ്കുളം സ്റ്റേജ് II | 46 | 110.8 | ഇടുക്കി | ലോവർ രാജമല, കടലാർ, കട്ടുവാക്കാട് |
| 9 | ഒറ്റക്കൽ | 2 | 3.19 | കൊല്ലം | കല്ലട റിവർ |
| 10 | അരുവികുഴി | 1.5 | 3.75 | ഇടുക്കി | പെരിയാർ |
| 11 | ലോവർ പൂഴിത്തോട് | 5.12 | 11.91 | കോഴിക്കോട് | കടന്താരപ്പുഴ |
| 12 | അപ്പർ പൂഴിത്തോട് | 3.6 | 7.84 | കോഴിക്കോട് | കടന്താരപ്പുഴ |
| 13 | ഉറുമി സ്റ്റേജ് III | 2.4 | 5.43 | കോഴിക്കോട് | പൊയിലിങ്ങൽപ്പുഴ |
| 14 | അപ്പർ ചാലിയാർ സ്റ്റേജ് I | 105 | 244.8 | വയനാട് | ചാലിപ്പുഴ |
| 15 | പാൽച്ചുരം | 3.3 | 6.65 | കണ്ണൂർ | ഭവാനിപ്പുഴ |
| 16 | പൊരിങ്ങൽ extn | 24 | 33.78 | പാലക്കാട് | നിളനദി |
| 17 | അപ്പർ പൊരിങ്ങൽ SHEP | 18 | 100 | തൃശ്ശൂർ | ചാലക്കുടി |

ആകെ(ഉദ്ദേശം) - 609.92MW , 1380.54Mu